ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.07.2025**

## പ്രധാനവാർത്തകൾ

1. സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമ്മു വിതരണം ചെയ്യും. പുരസ്കാര നിറവിൽ മട്ടന്നൂർ നഗരസഭയും.

2. തിരുവനന്തപുരം തോന്നയ്ക്കലിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കാൻ സംസ്ഥാന മന്ത്രിസഭായോഗ തീരുമാനം.

3. വികസിത ഇന്ത്യയ്ക്കായി ഓരോ കുടുംബത്തിൻറെയും വരുമാനം വർദ്ധിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

4. കൊല്ലം തേവലക്കരയിൽ വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച സംഭവം സർക്കാർ വിശദമായി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിദ്യാർത്ഥിയുടെ കുടുംബത്തിന് വീട് നിർമിച്ചു നൽകുമെന്ന് മന്ത്രി വി ശിവൻകുട്ടി.

5. നിമിഷ പ്രിയ കേസിൽ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ സഹായവും ചെയ്യുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം.

6. സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യത; നാല് ജില്ലകളിൽ ചുവപ്പ് ജാഗ്രത. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNUTVPM

## രാഷ്ട്രപതി

2047 ആകുമ്പോഴേക്കും വികസിത ഇന്ത്യ ലോകത്തിലെ ഏറ്റവും ശുചിത്വമുള്ള രാജ്യങ്ങളിലൊന്നായി മാറുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു മുർമു. രാജ്യത്തെ വൃത്തിയുള്ള നഗരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ വിതരണം ചെയ്യുകയായിരുന്നു രാഷ്ട്രപതി.

## മട്ടന്നൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയ്ക്ക് കേന്ദ്ര സർക്കാരിൻറെ ശുചിത്വ സർവേഷൻ പുരസ്കാരം. മികച്ച ശുചിത്വം ഉറപ്പാക്കുന്ന നഗരം എന്ന വിഭാഗത്തിലാണ് പുരസ്കാരം. രാജ്യത്തെ 18 നഗരങ്ങളെയാണ് ഈ വിഭാഗത്തിൽ തെരഞ്ഞെടുത്തത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി**
**കെ.ഒ.ശശിധരൻ**
(വോയിസ് )

RNU TVPM

## സ്വച്ഛ് സർവ്വേക്ഷൻ- കോഴിക്കോട്

സ്വച്ഛ് സർവ്വേക്ഷൻ സർവേയിൽ മികച്ച നേട്ടം കൈവരിച്ച് കോഴിക്കോട്ടെ നഗരസഭകൾ. രാജ്യത്താകെ 4,852 നഗരസഭകൾ പങ്കെടുത്ത മത്സരത്തിൽ 70-ാം റാങ്കുമായി കോഴിക്കോട് കോർപ്പറേഷൻ ജില്ലയിൽ മുന്നിലെത്തി. 2023 സർവ്വേയിൽ 3367 -ാം സ്ഥാനത്തായിരുന്നു കോർപ്പറേഷൻ. ഇതോടൊപ്പം 'ഗാർബേജ് ഫ്രീ സിറ്റി' വൺ സ്റ്റാർ റാങ്കിങ്ങിൽ സംസ്ഥാനത്ത് നിന്നും തിരഞ്ഞെടുത്ത 20 നഗരങ്ങളിൽ ഒന്നായി പയ്യോളി നഗരസഭയും ഇടം പിടിച്ചു.

## നിമിഷപ്രിയ - യെമൻ

നിമിഷ പ്രിയ കേസിൽ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ സഹായവും ചെയ്യുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം. രാജ്യം നിമിഷയുടെ കുടുംബ ത്തിന് നിയമസഹായം നൽകുകയും അവർക്കായി അഭിഭാഷകനെ നിയമിക്കുകയും ചെയ്തായി മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂ ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പരിഹാരത്തിനായി പ്രാദേശിക അധികാരികളുമായും കുടുംബാംഗങ്ങളുമായും നിരന്തരം ബന്ധപ്പെട്ട തായും വിഷയം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും അദ്ദേഹം പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം തോന്നയ്ക്കലിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. തുടക്കത്തിൽ അഞ്ചാം ക്ലാസ്സിലേയ്ക്ക് 35 കുട്ടികൾക്ക് സ്കൂളിലേക്ക് അഡ്മിഷൻ നൽകും. കെഎസ്ആർടിസി, കെടിഡിഎഫ്സിയ്ക്ക് നൽകാനുള്ള ഹ്രസ്വകാല, ദീർഘകാല വായ്പകളിൽ ബാക്കി നിൽക്കുന്നതിൽ പലിശയും മറ്റ് പിഴകളും ഒഴിവാക്കും. തിരുവനന്തപുരം പൊഴിയൂർ കൊല്ലംകോട്, കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് 43.65 കോടി രൂപ അനുവദിക്കും. സംസ്ഥാനത്തെ 1,137 വീടുകളുടെ വൈദ്യുതീകരണത്തിനുള്ള ശുപാർശ അംഗീകരിച്ച് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തെ അറിയിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

PIB TVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## ജോർജ്ജ് കുര്യൻ

2047 ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുക എന്ന പ്രധാന മന്ത്രി നരേന്ദ്രമോദിയുടെ ദർശനം സാധ്യമാകാൻ രാജ്യത്തെ എല്ലാ കുടുംബങ്ങളും വികസിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. പിഎം വികാസ് പദ്ധതിക്കു കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പദ്ധതി കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായി രുന്നു അദ്ദേഹം. വ്യക്തികളുടെയും കുടുംബങ്ങളുടെയും അതുവഴി രാജ്യ

ത്തിൻറെയും പുരോഗതിക്കും വികസനത്തിനും ഓരോരുത്തരുടെയും അധ്വാനം ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✠✠✠✠✠✠✠✠✠✠✠✠✠✠

## അങ്കണവാടി - മലപ്പുറം

മലപ്പുറം നഗരസഭയിലെ മുഴുവൻ അങ്കണവാടികളും സ്മാർട്ട് അങ്കണവാടിയാക്കിയതിൻറെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി നിർവഹിച്ചു. എയർകണ്ടീഷൻ, സ്മാർട്ട് ടിവി, സൗണ്ട് സിസ്റ്റം, തുടങ്ങിയ അത്യാധുനിക സൗകര്യങ്ങളാണ് അങ്കണവാടികളിൽ ഒരുക്കിയിട്ടുള്ളത്. രാജ്യത്ത് ആദ്യമായാണ് ഒരു തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ അങ്കണവാടികളും ഹൈടെക് ആക്കി മാറ്റുന്നത്. ഇതിന് നേതൃത്വം നൽകിയ നഗരസഭയെ മന്ത്രി അഭിനന്ദിച്ചു. ജൻ ശിക്ഷൺ സൻസ്ഥാൻറെ ഭാഗമായി മലപ്പുറം അമൽ കോളേജ് ക്യാംപസിലെ സ്കിൽ സെൻ്ററിൽ ആരംഭിച്ച നൈപുണ്യ കോഴ്സുകളുടെ ഉദ്ഘാടനം മന്ത്രി രാവിലെ നിർവഹിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠

## തേവലക്കര- മുഖ്യമന്ത്രി

കൊല്ലം തേവലക്കരയിൽ സ്കൂൾ വിദ്യാർത്ഥി വൈദ്യുതാഘാതമേറ്റ് മരിച്ച സംഭവത്തിൽ അപകടകാരണം സർക്കാർ വിശദമായി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇത്തരം അപകടങ്ങൾ ആവർത്തിക്കാ തിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. കെട്ടിടത്തിന് മുകളിൽ വീണ ചെരിപ്പെടുക്കാൻ ശ്രമിക്കുന്നതി നിടെയാണ് തേവലക്കര ബോയ്സ് ഹൈസ്ക്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുൻ അപകടത്തിൽ പെട്ടത്. സംഭവത്തെക്കുറിച്ച് ശാസ്താംകോട്ട DySPയുടെ നേതൃത്വത്തിലുള്ള പ്രത്യേകസംഘം അന്വേഷിക്കുമെന്നും വീഴ്ചകളുണ്ടായിട്ടുണ്ടെങ്കിൽ കണ്ടെത്തുമെന്നും റൂറൽ പോലീസ് മേധാവി പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

RNUTVPM

## വി.ശിവൻകുട്ടി

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുൻറെ കുടുംബത്തിന് വീട് നിർമിച്ചു നൽകുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. മിഥുൻറെ വീട്ടിലെത്തി മന്ത്രി വി ശിവൻകുട്ടിയും മന്ത്രി കെ എൻ ബാലഗോപാലും ആദരാഞ്ജലി അർപ്പിച്ചു. സംഭവത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചതായും റിപ്പോർട്ടിൽ ചില അനാസ്ഥകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വിശദമായ റിപ്പോർട്ട് നാളെ ലഭ്യമാകും. റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ കർശന നടപടി ഉണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി.

✠✠✠✠✠✠✠✠✠✠✠✠✠✠

## വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ചു

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. പൊതു വിദ്യാഭ്യാസ ഡയറക്ടറും ജില്ലാ പോലീസ് മേധാവിയും 14 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു. അതേസമയം ബാലാലാവകാശ കമ്മിഷൻ നാളെ സ്കൂൾ സന്ദർശിക്കും. സംഭവത്തിൽ കൊല്ലം ജില്ലയിൽ നാളെ എബിവിപി വിദ്യാഭ്യാസബന്ദിന് ആഹ്വാനം ചെയ്തിട്ടുണ്ട്.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## തേവലക്കര പ്രതികരണം

തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ മാനേജർക്കെതിരെ നരഹത്യയ്ക്ക് കേസ് എടുക്കണമെന്ന് മുൻ കേന്ദ്രസഹമന്ത്രി വി. മുരളീധരൻ. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകണമെന്നും സ്കൂളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിക്കണമെന്നും സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു. മിഥുന്റെ മരണത്തിന് കാരണം സ്കൂൾ മാനേജ്മെന്റിന്റെ കടുത്ത അനാസ്ഥയാണെന്ന് കോൺഗ്രസ് നേതാവ്

രമേശ് ചെന്നിത്തല ആരോപിച്ചു. ഉത്തരവാദി കളായവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✠✠✠✠✠✠✠✠✠✠✠✠✠✠

**മഴ**

സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ,കാസർകോട് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✠✠✠✠✠✠✠✠✠✠✠✠✠✠

## വെള്ളപൊക്ക ദുരിതം (ഇൻട്രോ)

RJU TVPM

കുട്ടനാട്ടിലെ കൈനകരിയിൽ വെള്ളപൊക്ക ദുരിതം തുടരുന്നു. വീടുകൾ വെള്ളത്തിലായിട്ട് ഒന്നര മാസം കഴിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആലപ്പുഴ ആകാശവാണി പ്രതിനിധി ആർ. രവികുമാർ**

(വോയ്സ്)

✠✠✠✠✠✠✠✠✠✠✠✠✠✠

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 375 പോയിൻറ് ഇടിഞ്ഞ് 82,259 ലും നിഫ്റ്റി100 പോയിൻറ് നഷ്ടത്തിൽ 25,111 ലും വ്യാപാരം അവസാനിച്ചു. സ്വർണ്ണവിലയിൽ വർദ്ധന. പവന് 40 രൂപ കൂടി 72,840 രൂപയും ഗ്രാമിന് 9,105 രൂപയുമാണ് ഇന്നത്തെ വില.

✠✠✠✠✠✠✠✠✠✠✠✠✠✠

## കലാപുരസ്കാരങ്ങൾ

2023-ലെ കേരള സംസ്ഥാന കലാപുരസ്കാരങ്ങൾ മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു. കഥകളി പുരസ്കാരം, പല്ലാവൂർ അപ്പുമാരാർ പുരസ്കാരം, കേരളീയ നൃത്ത-നാട്യ പുരസ്കാരം എന്നിവയാണ് പ്രഖ്യാപിച്ചത്. കഥകളി പുരസ്കാരത്തിനായി കുറൂർ വാസുദേവൻ നമ്പൂതിരി, കലാമണ്ഡലം ശങ്കരവാര്യർ എന്നിവരെ തെരഞ്ഞെടുത്തു. പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് പ്രശസ്ത ചെണ്ട കലാകാരൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാരെയും കേരളീയ നൃത്ത-നാട്യ പുരസ്കാരത്തിന് കൂടിയാട്ടം കലാകാരി കലാമണ്ഡലം പി.എൻ. ഗിരിജാദേവിയെയും തെരഞ്ഞെടുത്തു.

✠✠✠✠✠✠✠✠✠✠✠✠✠✠

## അന്തരിച്ചു

പ്രമുഖ ആർക്കിടെക്ട് R K രമേശ് കോഴിക്കോട് അന്തരിച്ചു. 79 വയസായിരുന്നു. കോഴിക്കോട് മാനാഞ്ചിറ സ്ക്വയർ മുതൽ തിരൂർ തുഞ്ചൻ സ്മാരകമുൾപ്പെടെ പ്രധാന സ്ഥാപനങ്ങൾ രൂപകല്പന ചെയ്തിട്ടുണ്ട്. 2010ൽ നിർമാൺ പ്രതിഭ പുരസ്കാരം ലഭിച്ചു. സംസ്ക്കാരം നാളെ കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ നടക്കും. ആർ കെ രമേഷിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

RIUTVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## ബേപ്പൂർ - തുറമുഖം

ബേപ്പൂർ തുറമുഖ കപ്പൽ ചാനലിൻറെ ആഴം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ മന്ത്രി വി എൻ വാസവൻ, മന്ത്രി പി എ മുഹമദ് റിയാസ് എന്നിവരുടെ യോഗത്തിൽ തീരുമാനം. തുറമുഖ വികസനവുമായി ബന്ധപ്പെട്ട് തുറമുഖ തൊഴിലാളികളുടെ സാന്നിധ്യത്തിലായിരുന്നു ചർച്ച.

✠✠✠✠✠✠✠✠✠✠✠✠✠✠

## പി.രാജീവ്

കളിമൺ പാത്ര നിർമാണ മേഖലയിലടക്കം നവീന സാങ്കേതിക വിദ്യകൾ ഉപയോഗിക്കണമെന്ന് വ്യവസായ മന്ത്രി പി രാജീവ്. സ്വാഭാവികമായി വിപണി ആവശ്യങ്ങൾക്കൊപ്പം നിർമിതിയുടെ രൂപം, ഭംഗി എന്നിവയിലൂടെ ഉപഭോക്താവിനാവശ്യമായ രീതിയിൽ ഉൽപ്പന്നങ്ങൾ എത്തിക്കാൻ കഴിയണമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

## ഇൻഫ്ളുവൻസ എ

കൊല്ലം ജില്ലയിൽ വിദ്യാർത്ഥികൾക്ക് H1N1 അല്ല ഇൻഫ്ലുവൻസ-A ആണ് സ്ഥിരീകരിച്ചതെന്ന് ആരോഗ്യവകുപ്പ് അധികൃതർ വ്യക്തമാക്കി. സീറോ ടൈപ്പിങ്ങ് ടെസ്റ്റിലൂടെയേ H 1N1 സ്ഥിരീകരിക്കാൻ സാധിക്കൂ. രോഗ ബാധിതരായ നാല് കുട്ടികളുടെയും ആരോഗ്യസ്ഥിതി തൃപ്തികരമാണെന്നും ഒരാൾ മാത്രമാണ് ആശുപത്രി ചികിത്സയിലുള്ളതെന്നും ജില്ലാ സർവൈലൻസ് ഓഫീസർ അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠

## നിപ

പാലക്കാട് ജില്ലയിൽ മൂന്നാമതൊരാൾക്ക് കൂടി നിപ്പ സംശയിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിപ്പ ബാധിച്ച് മരിച്ചയാളുടെ രോഗ ലക്ഷണങ്ങളോടെ ചികിത്സയിലുള്ള മകന്റെ സാമ്പിളാണ് തുടർ പരിശോധനയ്ക്കായി അയച്ചത്. നിലവിൽ പാലക്കാട് ഗവൺമെൻറ് മെഡിക്കൽ കോളേജിൽ 7 പേരാണ് സമ്പർക്കവിലക്കിൽ കഴിയുന്നത്. ജില്ലയിലാകെ 385 പേരാണ് സമ്പർക്ക പട്ടികയിലുള്ളത്. കണ്ടെയ്ൻമെന്റ് സോണിലെ വാർഡുകളിലുള്ളവർ മാസ്ക് ധരിക്കണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശം നൽകി.

✠✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠✠

✠✠✠✠✠

RNU TVPM